പതിമൂന്നാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി

# (2014- 2016)

## ആറാമത് റിപ്പോർട്ട്

## കേരളത്തിലെ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് സംബന്ധിച്ച്

( **2014** ജൂലൈ 17–ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

**2014**

പതിമൂന്നാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി

## (2014-2016)

ആറാമത് റിപ്പോർട്ട്

## കേരളത്തിലെ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് സംബന്ധിച്ച്

( **2014** ജൂലൈ 17-ാം തീയതി സമർപ്പിച്ചത്)

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | (i) |
| ആമുഖം | (ii) |
| റിപ്പോർട്ട് | 1-5 |

## സമിതിയുടെ ഘടന

**അദ്ധ്യക്ഷൻ:**

ശ്രീ. തോമസ് ഉണ്ണിയാടൻ

**അംഗങ്ങൾ:**

ശ്രീ. ഇ. ചന്ദ്രശേഖരൻ

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, പി. എ. മാധവൻ

,, സി. കെ. നാണു

,, കെ. കെ. നാരായണൻ.

,, ഷാഫി പറമ്പിൽ

,, കെ. എം. ഷാജി

,, പി. ഉബൈദുള്ള.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.

ശ്രീ ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, അണ്ടർ സെക്രട്ടറി.

ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

# ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കുന്ന ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിച്ച ഹർജികളെ അടിസ്ഥാനപ്പെടുത്തി റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളിൽ നിന്നും നടത്തിയ തെളിവെടുപ്പിൽ ലഭിച്ച വിവരങ്ങളും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും അതിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2014 ജൂലൈ 15-ാം തീയതി കൂടിയ യോഗം അംഗീകരിച്ചു.

തോമസ് ഉണ്ണിയാടൻ,
അദ്ധ്യക്ഷൻ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
**2014,** ജൂലൈ **15.**

# റിപ്പോർട്ട്

(1) കേരളത്തിന്റെ ഭൂപ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് നെൽവയലുകളും നീർത്തടങ്ങളും അനിവാര്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണത്തിലൂടെ നീർത്തടങ്ങളെയും നെൽവയലുകളെയും സംരക്ഷിക്കുന്നതിനു വേണ്ടിയും അവ അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയോ നിലവിലെ സ്ഥിതിയിൽ നിന്നും പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്നത് നിയന്ത്രിക്കുന്നതിനു വേണ്ടിയും കേരള നിയമസഭ പാസാക്കിയ 2008 ലെ കേരള നെൽവയൽ – തണ്ണീർത്തടസംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിലെ ഭൂമിയുടെ തൽസ്ഥിതി സംബന്ധിച്ച തരംതിരിവ് പട്ടിക ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് പ്രസ്തുത നിയമത്തിലെ വകുപ്പ് 5(4) അനുശാസിച്ചിരിക്കുന്നു.

(2) നിലവിലുള്ള ശാസ്ത്ര സാങ്കേതിക പരിജ്ഞാനത്തിന്റെ സഹായത്തോടെ ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച പട്ടിക തയ്യാറാക്കുക, ഇതിനെ അടിസ്ഥാന രേഖയായി സൂക്ഷിക്കുകയും പ്രസ്തുത പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിനെ കർശനമായി നിയന്ത്രിക്കുകയും ചെയ്യുക, ഈ ദൗത്യനിർവ്വഹണത്തിനായി റവന്യു, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ  പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ മേൽനോട്ടവും ഉറപ്പാക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ പരമാവധി കൃഷിയെ പ്രോത്സാഹിപ്പിക്കുകയാണ് നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

(3) മൂലനിയമത്തിലെ 5–ാം വകുപ്പിൽ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേക്കായി ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്/നഗരസഭാദ്ധ്യക്ഷൻ ചെയർമാനും കൃഷി ഓഫീസർ, വില്ലേജാഫീസർ, നെൽകൃഷിക്കാരുടെ മൂന്നു പ്രതിനിധികൾ എന്നിവരംഗങ്ങളായിട്ടുള്ള പ്രസ്തുത സമിതിയുടെ കൺവീനർ സ്ഥലത്തെ കൃഷി ഓഫീസറാണ്. സമിതിയുടെ അധികാരങ്ങൾ താഴെപ്പറയുന്നു.

1. പൊതു ആവശ്യങ്ങൾക്കോ നെൽവയലിന്റെ ഉടമസ്ഥർക്ക് വീടുവയ്ക്കുന്നതിനോ വേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് സമിതി സംസ്ഥാനതല/ജില്ലാതല സമിതിക്ക് ശുപാർശ നൽകുക.
2. നെൽവയലുകൾ സന്ദർശിച്ച് ആക്ടിലെ വ്യവസ്ഥകളുടെ ലംഘനം ഉണ്ടെങ്കിൽ ആർ.ഡി.ഒ.–യ്ക്ക് റിപ്പോർട്ട് ചെയ്യുക.
3. ആക്ടിലെ വ്യവസ്ഥാലംഘനത്തിന്, ശ്രമങ്ങൾ നടക്കുന്നതായുള്ള പരാതികൾ സ്വീകരിച്ച് അപ്രകാരമുള്ള ലംഘനം തടയുക.
4. തരിശിട്ടിരിക്കുന്ന പാടങ്ങളിൽ നെൽകൃഷിയോ ഇടക്കാല വിളയോ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുക.

(4) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കുന്ന ഭൂപടങ്ങളുടെ സഹായത്തോടെ ഡേറ്റാബാങ്ക് തയ്യാറാക്കുകയും സർവ്വേ നമ്പരും വിസ്തൃതിയും രേഖപ്പെടുത്തിയിട്ടുള്ള ഡേറ്റാബാങ്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ച ശേഷം അത് പൊതുജനങ്ങളുടെ അറിവിലേക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വില്ലേജാഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക എന്നത് സമിതിയുടെ ചുമതലയാണെന്നു നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(5) തങ്ങളുടെ അധികാരിതയ്ക്കുള്ളിൽപ്പെട്ട പ്രദേശത്തെ നെൽവയലിനെ സംബന്ധിച്ച് കൃഷി ഓഫീസർമാർ റിപ്പോർട്ടിംഗ് ഓഫീസർമാർ ആയിരിക്കുന്നതും ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും സംബന്ധിച്ച് ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് അവരുടെ ഉത്തരവാദിത്വം ആയിരിക്കുമെന്നും ഏതെങ്കിലും കാർഷികവേളയിൽ ഏതെങ്കിലും നെൽവയൽ തരിശിട്ടിരിക്കുന്നുവെങ്കിൽ ആ വിവരം കൂടി കൃഷി ഓഫീസർ പ്രാദേശികതല നിരീക്ഷണ സമിതിയെ അറിയിക്കേണ്ടതാണെന്നും വകുപ്പ് 7-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

(6) ഭൂമി സംബന്ധിച്ച് ഡാറ്റാ ബാങ്കിലെ രേഖപ്പെടുത്തലിൽ മാറ്റം വരുത്തി, റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് സമിതി ഇടപെടണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജികളിലൂടെ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളുടെ ഗൗരവം കണക്കിലെടുത്ത് പ്രസ്തുത ഹർജികളിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഹർജികളുടെ പകർപ്പ് റവന്യൂ വകുപ്പിലേക്കയച്ചു. ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, കൃഷി വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി.

(7) പ്രാദേശിക തലത്തിൽ വില്ലേജ് ഓഫീസർ, അഗ്രികൾച്ചറൽ ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളും പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുമുള്ള ഒരു കമ്മിറ്റിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയത് എന്നും പ്രസ്തുത കമ്മിറ്റി സ്ഥലപരിശോധന നടത്തി സർവ്വേ നമ്പർ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയാണ് ഡാറ്റാ ബാങ്ക് രൂപീകരിക്കേണ്ടത് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ നിരവധി അപാകതകൾ ഉണ്ടെന്ന് കൃഷി വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

(8) നെൽവയൽ– തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നും ഇതിനായി തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിൽ അപാകതകൾ ഉണ്ടെന്ന് കണ്ടെത്തിയതിനാൽ അവ പുന:പരിശോധന നടത്തി അപാകതകൾ പരിഹരിക്കേണ്ടതാണെന്ന് ഹർജികൾ സംബന്ധിച്ച സമിതിക്ക് തെളിവെടുപ്പിൽ ബോധ്യമായി.

(9) ഡാറ്റാ ബാങ്ക് സംബന്ധിച്ച കരട് തയ്യാറാക്കപ്പെട്ടിട്ടുള്ള ജില്ലകളിൽ നിന്നും സമിതിക്ക് ലഭിച്ച പരാതികൾ ഇത് തയ്യാറാക്കിയതിലെ സൂക്ഷ്മതക്കുറവ് വ്യക്തമാക്കുന്നു. നിലവിൽ കരഭൂമിയായി കിടക്കുന്നതും വീടുൾപ്പെടെയുള്ള കെട്ടിടങ്ങൾ നില നിൽക്കുന്നതുമായ ഭൂഭാഗങ്ങൾ നിലമായി രേഖപ്പെടുത്തിയിരിക്കുന്നത് സാധാരണ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഡാറ്റാ ബാങ്ക് സംബന്ധിച്ച് ഒരു അന്തിമ തീരുമാനമാകാത്തതിന്റെ പേരിൽ വസ്തുവിന്റെ ക്രയവിക്രയത്തിനും ഭവനനിർമ്മാണത്തിനും മറ്റും ബുദ്ധിമുട്ടുകൾ നേരിടുന്നതായുള്ള പരാതികൾ പത്രമാധ്യമങ്ങളിലും വന്നിട്ടുണ്ട്.

(10) റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുദ്യോഗസ്ഥരിൽ നിന്ന് 29.05.2014, 09.07.2014 എന്നീ തീയതികളിൽ നടത്തിയ തെളിവെടുപ്പുകളിൽ നിന്നും പ്രസ്തുത വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വ്യക്തമായ ധാരണയില്ലെന്നും ഇവർ തമ്മിൽ ശരിയായ യോജിപ്പില്ലായെന്നും ആയതിനാൽ തന്നെ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണവും ഗുരുതരവുമായി ഭവിക്കുമെന്നും വകുപ്പുദ്യോഗസ്ഥൻമാർ തന്നെ സമ്മതിക്കുന്നു. ഫീൽഡ് ഇൻസ്പെക്ഷൻ നടത്താതെയാണ് പലയിടത്തും ഡാറ്റാ ബാങ്കിന്റെ കരട് തയ്യാറാക്കിയിരിക്കുന്നത് എന്നും ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിൽ അപാകതയുണ്ടെന്നും പല വില്ലേജുകളിലും നേരിട്ടുള്ള സ്ഥലപരിശോധന കൂടാതെ ബി.റ്റി.ആർ രേഖ അതുപോലെ തന്നെ ഡാറ്റാ ബാങ്കായി തയ്യാറാക്കപ്പെടുകയായിരുന്നുവെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയോട് വിശദീകരിച്ചു. നെൽവയലുകളും തണ്ണീർതടങ്ങളും കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ടത് കൃഷി ഓഫീസറാണെങ്കിലും സ്ഥല സംബന്ധിയായ വിവരങ്ങളും സർവ്വെ നമ്പർ സംബന്ധിച്ച വിവരങ്ങളും വില്ലേജ് ഓഫീസർക്കാണ് അറിയാവുന്നത്. ആയതിനാൽ വില്ലേജ് ഓഫീസറും കൃഷി ഓഫീസറും സംയുക്തമായി സ്ഥലപരിശോധന നടത്തേണ്ടത് ഈ വിഷയത്തിൽ അത്യാവശ്യമാണെന്നും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് ആധികാരിക രേഖയായി സൂക്ഷിക്കാനുള്ളതാണെന്നും കൃഷി വകുപ്പുദ്യോഗസ്ഥർ സമിതിയിൽ അഭിപ്രായപ്പെട്ടു. കരട് ഡാറ്റാ ബാങ്കിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപ്പീൽ സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലായെന്ന വിവരവും കാര്യങ്ങളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു.

(11) ഈ വിഷയത്തിന്റെ ഗുരുതരാവസ്ഥ സമിതിക്ക് മനസ്സിലായതിന്റെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളുടെ

അടിസ്ഥാനത്തിലും 2008 ലെ കേരള നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശലക്ഷ്യം നടപ്പിലാക്കുന്നതിനും ഒപ്പം ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ അകറ്റുന്നതിനുമായി നടപടി സ്വീകരിക്കുന്നതിലേയ്ക്ക് സമിതി ചുവടെ ചേർക്കുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**ശുപാർശകൾ / നിർദ്ദേശങ്ങൾ**

(12) ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന കരട് ഡാറ്റാ ബാങ്കിലെ ന്യൂനതകൾ സംബന്ധിച്ച് അപ്പീൽ സമർപ്പിക്കുന്നതിന് നിലവിൽ സാദ്ധ്യതയില്ലാത്ത് ഏറ്റവും വലിയ ന്യൂനതയായി സമിതി കരുതുന്നു. കരട് ഡാറ്റാ ബാങ്കിലെ ന്യൂനതകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവരുടെ അപ്പീൽ സമർപ്പിക്കുന്നതിനും അതിൻമേൽ വിചാരണ നടത്തുന്നതിനും നിലവിൽ അവസരമില്ലാത്തത് സാധാരണ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതിനാൽ കരട് ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ആയതിൻമേൽ പൊതുജനങ്ങൾക്ക് ആക്ഷേപം സമർപ്പിക്കുന്നതിനും വിചാരണ നടത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള അടിയന്തര സാഹചര്യമുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതുവരെ കരട് ഡേറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നത് പുനഃപരിശോധിക്കണമെന്ന് സമിതി സർക്കാരിനോട് ശക്തമായി ശുപാർശ ചെയ്യുന്നു.

(13) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ എന്ന് സമിതി സംശയിക്കുന്നു. സ്ഥലപരിശോധന നടത്താതെ ബി.റ്റി.ആർ–നെ അവലംബിച്ച് മാത്രം തയ്യാറാക്കപ്പെട്ട ഈ രേഖ ന്യൂനതകൾ നിറഞ്ഞതാകയാൽ ഇതിന്റെ പ്രസിദ്ധീകരണം ഗുരുതരമായ പ്രത്യാഘാതം സമൂഹത്തിലുണ്ടാക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കൃഷി ഓഫീസറും വില്ലേജ് ഓഫീസറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നേരിട്ടും കൃത്യമായും സ്ഥലം പരിശോധന നടത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(14) ഡാറ്റാ ബാങ്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ ചട്ടപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനമില്ലായ്മ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ മൂന്നു വകുപ്പദ്ധ്യക്ഷന്മാരുടെയും ചുമതലയിലുള്ള ഏകോപന സംവിധാനം രൂപീകരിച്ച് ഡാറ്റാബാങ്കിന്റെ കുറ്റമറ്റ രീതിയിലുള്ള രൂപീകരണം എത്രയും വേഗം പൂർത്തീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(15) ഡാറ്റാ ബാങ്കിന്റെ രൂപീകരണത്തിന് ഉപഗ്രഹ ഭൂപട സഹായം തേടണമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുവെങ്കിലും ഇപ്പോൾ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിൽ ഉപഗ്രഹ ഭൂപടത്തിന്റെയോ ആധുനിക സാങ്കേതിക വിദ്യയുടെയോ സഹായം തേടിയിട്ടുണ്ടോ എന്ന് സമിതി സംശയിക്കുന്നു. ഗൂഗിൾ എർത്ത് ഉൾപ്പെടെയുള്ള ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂമിയുടെ തൽസ്ഥിതി രേഖ തയ്യാറാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

(16) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ വകുപ്പുകളിലെ ഫീൽഡ് ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് ഓറിയന്റേഷനോ പരിശീലനമോ ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഫീൽഡ് ജീവനക്കാരുൾപ്പെടെയുള്ളവർക്ക് ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുള്ള അവബോധമുണ്ടാക്കുന്നതരത്തിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(17) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് നിയോഗിക്കപ്പെടുന്ന ഫീൽഡ് ഉദ്യോഗസ്ഥരുടെ രേഖപ്പെടുത്തലുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾ അവരവരുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്ന കാര്യം കൂടി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(18) റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ ഭൂഭാഗങ്ങൾ കരഭൂമിയായി രൂപാന്തരപ്പെടുത്തി അനേക വർഷങ്ങൾ കഴിഞ്ഞ് കെട്ടിടങ്ങളുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സ്ഥലങ്ങൾ റവന്യൂ രേഖകളിൽ നിലമായിത്തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് മൂലം നിർമ്മാണ പ്രവർത്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്രമപ്പെടുത്തി നമ്പർ ലഭിക്കുന്നില്ല, വസ്തു ഈടിൻമേൽ ലോൺ ലഭിക്കുന്നില്ല തുടങ്ങിയ പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഭൂമിയുടെ തൽസ്ഥിതി പരിശോധിച്ച് ബി.റ്റി.ആർ രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം സാദ്ധ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതുപോലെ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപാന്തരപ്പെടുത്തിയ ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിലും മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തോമസ് ഉണ്ണിയാടൻ,
അദ്ധ്യക്ഷൻ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2014, ജൂലൈ 15.